81 (399) തിരുവനന്തപുരം ജില്ലയിലെ കണ്ടക്ടർമാരുടെ ഒഴിവുകൾ

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ എത്ര കണ്ടക്ടർമാരുടെ ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും കെ.എസ്.ആർ.ടി.സി. കണ്ടക്ടേഴ്സിന്റെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എത്ര പേരുടെ ലിസ്റ്റാണ് ലഭിച്ചിട്ടുള്ളത്. ഈ ലിസ്റ്റ് എന്നാണ് ലഭിച്ചത്;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം ആർക്കെങ്കിലും നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിന് കാരണമെന്ത്;

(എഫ്)നിയമനം നൽകിയിട്ടില്ലാത്തപക്ഷം നിലവിലുള്ള ഒഴിവുകൾ നികത്താൻ കരാർ വ്യവസ്ഥയിൽ കണ്ടക്ടർമാരെ നിയമിക്കാൻ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം ജില്ലയിൽ 142 സ്ഥിരം കണ്ടക്ടർമാരുടെ ഒഴിവുകളുണ്ട്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചു മറുപടി സമർപ്പിക്കുന്നതാണ്.

(ഡി) ഇല്ല

(ഇ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ക്രിമിലെയർ സംബന്ധിച്ച വിധിയുടെ അടിസ്ഥാനത്തിലുണ്ടായിട്ടുള്ള കേരള സർക്കാരിന്റെ ഉത്തരവുപ്രകാരമാണ് ടി നിയമനം നൽകാതിരുന്നത്.

(എഫ്)ഇത്തരം നടപടികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല. കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള നിയമനങ്ങൾ ഇത്തരം നിയമനം നടത്താൻ അനുവദിക്കുന്നില്ല. മാത്രമല്ല ഇങ്ങനെയുള്ള നിയമനങ്ങൾക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയും നിലവിലുണ്ട്.

82 (400) കെ.എസ്.ആർ.ടി.സി.യിൽ എം പാനൽ വ്യവസ്ഥയിൽ കണ്ടക്ടേഴ്സിന്റെ ഒഴിവ്

ശ്രീ. എ.കെ. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ എം പാനൽ വ്യവസ്ഥയിൽ കണ്ടക്ടേഴ്സിന്റെ ഒഴിവുള്ള വേക്കൻസിയിൽ നിയമനം നൽകാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര നിയമനം നൽകിയിട്ടുണ്ട്;

(സി) എം പാനൽ വ്യവസ്ഥയിൽ ജോലി ചെയ്തശേഷം ഡെപ്പോസിറ്റ് തുക തിരികെ വാങ്ങിയ കണ്ടക്ടർമാരെ പുനർ നിയമനം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇപ്പോൾ ഒഴിവുള്ള കണ്ടക്ടർമാരുടെ തസ്തികയിൽ ഇപ്രകാരം ജോലി ചെയ്തിരുന്ന എം പാനൽ കണ്ടക്ടർമാർക്ക് പുനർ നിയമനം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ എം പാനൽ വ്യവസ്ഥയിൽ കണ്ടക്ടർ തസ്തികയിലേക്ക് പുതിയ നിയമനം നൽകുന്നില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം പാനൽ വ്യവസ്ഥയിൽ കണ്ടക്ടർമാരെ ആരേയും പുതുതായി നിയമിച്ചിട്ടില്ല. എന്നാൽ പിരിച്ചുവിട്ടിരുന്ന എം പാനൽ കണ്ടക്ടർമാരിൽ ജോലിക്കു പുനർ നിയമനത്തിനായി പരിഗണിക്കണമെന്നും കോടതി നിർദ്ദേശിച്ചവർക്കു പുനർ നിയമനം നൽകിയിട്ടുണ്ട്.

(സി) ഡെപ്പോസിറ്റ് തുക തിരികെ വാങ്ങിയവരിൽ ജോലിക്കു പുനർ നിയോഗിക്കാൻ പരിഗണിക്കണമെന്ന് കോടതി നിർദ്ദേശിച്ചവരെ മാത്രമേ നടപടി ക്രമങ്ങൾ പൂർത്തിയാക്കി വീണ്ടും നിയമിച്ചിട്ടുള്ളൂ.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

83 (401) ആർ.ടി.എ. ആഫീസിൽ ജനകീയ കമ്മിറ്റി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള രജിസ്ട്രേഷനുള്ളതും കേരളത്തിൽ പെർമിറ്റുള്ളതുമായ ടാക്സി ജീപ്പുകൾക്ക് കർണ്ണാടക, തമിഴ്നാട് പെർമിറ്റ് എടുക്കുന്നതിനും കർണ്ണാടക, തമിഴ്നാട് സർക്കാരുകളുടെ ഫ്രീ ടാക്സ് ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) മറ്റു സംസ്ഥാനങ്ങളുടെ പെർമിറ്റ് ലഭ്യമാക്കുന്നതിനും പെർമിറ്റുള്ള വാഹനങ്ങൾക്ക് ഫ്രീ ടാക്സ് അനുവദിച്ചു കിട്ടുന്നതിനും കേരള രജിസ്ട്രേഷനുള്ള ടാക്സി ജീപ്പുകൾക്ക് കേരള ട്രാൻസ്പോർട്ട് അതോറിറ്റിയുടെ റെക്കമെന്റേഷൻ ലറ്റർ നിർബന്ധമാണോ;

(സി) കേരള ട്രാൻസ്പോർട്ട് അതോറിറ്റിയുമായും ആർ.ടി.ഒ.കളുമായും ബന്ധപ്പെട്ടുള്ള ഇടനിലക്കാരെ ഒഴിവാക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

(ഡി) എസ്.റ്റി.എ.ഓഫീസ്, ആർ.ടി.ഓഫീസ് എന്നിവിടങ്ങളുമായി ബന്ധപ്പെട്ട പരാതിക്കാർക്ക് പരിഹാരം നിർദ്ദേശിക്കുന്നതിന് ഈ ഓഫീസുകളുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ ഉൾപ്പെടുന്ന ജനകീയ കമ്മിറ്റികൾക്ക് രൂപം കൊടുക്കുന്നതിന് ആവശ്യമായ നടപടികളെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly